**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാചോദ്യം നം.2831**

**12/03/2018 ൽ**
**മറുപടിക്ക്**

## പ്ലാന്റേഷൻ കോർപ്പറേഷനിൽനിന്നും നേരിട്ട് കശുവണ്ടി വാങ്ങൽ

**ചോദ്യം**

**ശ്രീ. എം.രാജഗോപാലൻ**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പ്ലാന്റേഷൻ കോർപ്പറേഷന്റെ അധീനതയിലുള്ള കശുമാവ് തോട്ടങ്ങളിൽ നിന്നും കശുവണ്ടി കോർപ്പറേഷന് നേരിട്ട് കശുവണ്ടി നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (എ) & (ബി) | വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 2018 ൽ പ്ലാന്റേഷൻ കോർപ്പറേഷൻ തങ്ങളുടെ 70% തോട്ടങ്ങളിലെ തോട്ടണ്ടി ലേലവുമായി മുന്നോട്ട് പോയിട്ടുണ്ട്. തുടർന്ന് ഇതുമായി ബന്ധപ്പെട്ട് വനം,കൃഷി, കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രിമാരുടെ സംയുക്തയോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പ്ലാന്റേഷൻ കോർപറേഷൻ ലേലം ചെയ്യാൻ ബാക്കിയുള്ള 30% തോട്ടങ്ങളിലെ തോട്ടണ്ടി ശേഖരിച്ച് കോർപറേഷനും കാപെക്സിനും നൽകുന്ന രീതിയിൽ ടെന്റർ വ്യവസ്ഥകളിൽ മാറ്റം വരുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ലേലം പിടിച്ചവരോട് അവർ സംഭരിക്കുന്ന തോട്ടണ്ടി കാഷ്യൂ കോർപറേഷനും കാപെക്സിനും ലഭ്യമാക്കാൻ നിർദ്ദേശിച്ചു കൊണ്ട് കത്ത് നൽകാനും യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. വരും വർഷങ്ങളിൽ പ്ലാന്റേഷൻ കോർപ്പറേഷനിലെ തോട്ടത്തിലെ കശുവണ്ടി ലേലം ചെയ്യുന്നതിനു മുമ്പ് സർക്കാരുമായി ആലോചിക്കേണ്ടതാണെന്നും പ്രസ്തുത യോഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അടുത്ത സീസണുമുമ്പ് പ്ലാന്റേഷൻ കോർപ്പറേഷനിലെ മുഴുവൻ തോട്ടണ്ടിയും സംഭരിക്കുന്നതിനെ കുറിച്ചും കാഷ്യൂ കോർപറേഷനും കാപെക്സിനും സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ലഭ്യമാക്കുന്നതിനെ കുറിച്ചും ആസൂത്രണം നടത്തുന്നതിന് ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ ബന്ധപ്പെട്ട |
| (ബി) | പ്ലാന്റേഷൻ കോർപ്പറേഷൻ സ്വകാര്യ കുത്തകകൾക്ക് കശുവണ്ടി നൽകുന്നത് ഒഴിവാക്കി സർക്കാർ നേരിട്ട് വാങ്ങാൻ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | മന്ത്രിമാർ പങ്കെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷനിൽ യോഗം വിളിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**